**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1477** **03.12.2018 ൽ മറുപടിയ്ക്ക്**

## ഹാരിസൺ മലയാളം കമ്പനി ലിമിറ്റഡ്

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം കമ്പനി ലിമിറ്റഡിന്റെ കൈവശത്തിലുള്ള സർക്കാരിന്റെ മുപ്പത്തി എട്ടായിരം ഏക്കർ ഭൂമി തിരിച്ചു പിടിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (എ) ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെയും അവരിൽ നിന്ന് ഭൂമി വാങ്ങിയവരുടെയും പക്കൽ നിന്നും ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ കൈവശമുള്ള 38171 ഏക്കർ ഭൂമി ഏറ്റെടുക്കുവാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ്, ബഹു:ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11/4/2018 ലെ WP(C)33122/2014 കേസിലെ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. ഇതിൽ ഗോസ്പൽ ഫോർ ഏഷ്യ, റ്റി.ആർ&റ്റി, ബോയ്സ് എസ്റ്റേറ്റ്, റിയ എന്നീ കമ്പനികളിൽ നിന്നും ഭൂമി ഏറ്റെടുക്കുവാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകളും ഉൾപ്പെടുന്നു. അതിനെതിരെ സുപ്രീംകോടതിയിൽ സർക്കാർ ഫയൽ ചെയ്ത എസ്.എൽ.പി. തള്ളുകയും ചെയ്തിട്ടുണ്ട്. മറ്റ് കമ്പനികളുടെ കേസ്സിൽ ബഹു.ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതും അന്തിമ വിധി വന്നിട്ടില്ലാത്തതുമാകുന്നു. ഇതോടൊപ്പം തന്നെ വയനാട് ജില്ലയിൽ എച്ച്.എം.എൽ കൈവശം വയ്ക്കുന്ന ഭൂമി സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ സ്പെഷ്യൽ ഓഫീസർക്ക് കോടതി അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് കോടതിയിലെ രണ്ടംഗ ബഞ്ചിന്റെ വിധിയും സർക്കാരിന് എതിരായി വന്നശേഷം കൈക്കൊണ്ട നടപടികൾ എന്തൊക്കെ;വ്യക്തമാക്കാമോ | (ബി) ഡിവിഷൻ ബഞ്ചിന്റെ വിധി സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമാകയാൽ ബഹു.സുപ്രീംകോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത എസ്.എൽ.പി കൾ വാദം കേൾക്കാതെ തള്ളിക്കളയുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ ഹൈക്കോടതി മുമ്പാകെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യാനാകുമോ എന്നതിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| | | കൂടാതെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ സർക്കാരിന് പ്രസ്തുത ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു. |
| (സി) | ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സർക്കാരും അഭിഭാഷകരും വേണ്ടത്ര ജാഗ്രത കേസ് നടത്തിപ്പിൽ കാണിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ